ദേശീയ പാത 47-ൽ ഇടപ്പള്ളിമുതൽ മണ്ണുത്തിവരെയുള്ള നാലുവരിപ്പാത നിർമ്മാണം

278 (7249) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത 47-ൽ ഇടപ്പള്ളിമുതൽ മണ്ണുത്തിവരെയുള്ള നാലുവരിപ്പാത നിർമ്മാണത്തിന്റെ അനുബന്ധപ്രവർത്തനങ്ങൾ ഇനിയും പൂർത്തിയാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർവ്വീസ് റോഡുകൾ, സബ്വേകൾ, സിഗ്നൽ സിസ്റ്റം, സ്ട്രീറ്റ്ലൈറ്റുകൾ, ബസ്ബേകൾ, ബസ്സ് ഷെൽട്ടർ, ഡ്രെയിനേജ് സംവിധാനങ്ങൾ എന്നിവ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ പാലിയേക്കരയിലെ ടോൾ നിരക്ക് ഉയർത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ടോൾ നിരക്ക് വർദ്ധനവിനുള്ള നടപടികൾ ഒഴിവാക്കുന്നതിനും മുഴുവൻ അനുബന്ധപ്രവൃത്തികളും പൂർത്തിയാക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(ഡി) പോത്താനിയിൽ സബ്വേയും, പാറക്കുടി കൊടതി ജംഗ്ഷനിൽ മേൽപ്പാലവും നിർമ്മിക്കുന്നതിനും റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയ സാഹചര്യത്തിൽ കൊരട്ടി ജംഗ്ഷനിലുണ്ടായിട്ടുള്ള ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൺസഷ്ണയർ എഗ്രിമെന്റ് പ്രകാരം നിർമ്മിക്കേണ്ട അനുബന്ധ പ്രവൃത്തികളിൽ പോട്ട മുതൽ ഓവർ ഭാഗത്തെ 1.62 കി.മീ. സർവ്വീസ് റോഡ്ഒഴികെ ബാക്കി പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചതായി നാഷണൽ ഹൈവേ അതോറിറ്റി അറിയിച്ചിട്ടുണ്ട്. ഈ ഭാഗത്തെ റോഡ് നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കൽ നടന്നുവരുന്നു. ഈ ഭാഗത്തെ സ്ഥലമേറ്റെടുക്കൽ പൂർത്തിയായാലുടൻ സർവ്വീസ് റോഡിന്റെ പണി ആരംഭിക്കുമെന്ന് നാഷണൽ ഹൈവേ അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(ബി&സി) കേന്ദ്ര ടോൾ നിയമപ്രകാരവും സംസ്ഥാന സർക്കാരും കൺസഷ്ണയർ കമ്പനിയും ദേശീയപാത അതോറിറ്റിയും തമ്മിൽ 14-7-2007-ൽ ഒപ്പുവച്ച സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് പ്രകാരവും കൺസഷ്ണയർ കമ്പനിക്ക് ടോൾ പിരിക്കുന്നതിനും ദേശീയ വിലസൂചികയുടെ അടിസ്ഥാനത്തിൽ ഓരോ വർഷവും ടോൾ നിരക്ക് വർദ്ധിപ്പിക്കുന്നതിന് അധികാരമുണ്ട്. ടോൾ വർദ്ധനയ്ക്ക് എതിരെയുള്ള ജനങ്ങളുടെ പ്രതിഷേധം കണക്കിലെടുത്ത്

LIBRARY ARCHIVES Kerala Legislative Assembly

ടോൾ നിരക്ക് വർദ്ധന തൽക്കാലം നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ഈ നിർദ്ദേശത്തിനെതിരെ കൺസഷണയർ കമ്പനി കേരള ഹൈക്കോടതിയിൽ നിന്നും അനുകൂല വിധി സമ്പാദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന് മാത്രമായി ടോൾ വർദ്ധന ഒഴിവാക്കുവാൻ സാധിക്കുകയില്ല.

(ഡി) ഈ പ്രവൃത്തികൾ കൺസഷൺ എഗ്രിമെന്റിൽപ്പെട്ടവയല്ല. മുഖ്യമന്ത്രി വിളിച്ചുചേർത്ത ഒരു യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശിച്ചവയാണ്. ഇവയുടെ നിർമ്മാണത്തിനായി 98.68 കോടി രൂപയുടെ എസ്റ്റിമേറ്റ് ദേശീയ പാതാ അതോറിറ്റി സർക്കാരിന് സമർപ്പിച്ചിരുന്നു. ഇതിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

അങ്കമാലി-ആലുവ ദേശീയപാത

279 (7250) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി-ആലുവ ദേശീയപാതയിലെ അപകടങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത അപകടങ്ങൾ പരിഹരിക്കുന്നതിന് ദേശീയപാതാ അധികൃതർ തുക അനുവദിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) അങ്കമാലിയിലെ കരിയാട് വളവ് നികത്തുന്ന കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ഇ) അങ്കമാലി ടൗണിലെ ടാറിംഗിലെ അപാകതകളും മോണിംഗ്സ്റ്റാർ, ടെൽക്ക് തുടങ്ങിയ സ്ഥലങ്ങളിലെ വെള്ളക്കെട്ടും പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിലെ കാലതാമസം വിശദമാക്കാമോ ;

(എഫ്) കറുകുറ്റിയിൽ ദേശീയപാതയിലും റെയിൽവേ സ്റ്റേഷൻ പരിസരത്തും അനുഭവപ്പെടുന്ന മുക്ഷമായ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി ഡ്രെയിനേജ് സംവിധാനം നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(എച്ച്) കരയാംപറമ്പ് ജംഗ്ഷനിൽ വിപുലമായ രീതിയിൽ യു ടേൺ ട്രാഫിക് സംവിധാനങ്ങൾ സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഐ) സർവ്വീസ് റോഡുകളുടെ പണി പൂർത്തിയാക്കാത്തതിനാൽ ടോൾ പിരിക്കുന്നതിൽനിന്നും അങ്കമാലി നിവാസികളെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly